# അധ്യായം 6 - സമരവും സ്വാതന്ത്ര്യവും

| ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ | | | | |
|---|---|---|---|---|
| **സമരം** | **പ്രദേശം** | **വർഷം** | **സമര രീതി** | **കാരണങ്ങളും ഫലങ്ങളും** |
| ചമ്പാരനിലെ നീലം കർഷകരുടെ സമരം | ബീഹാർ | 1917 | നിയമ ലംഘനവും സഹന സമരവും | **കാരണം** - നീലം കർഷകരുടെ ദുരിതം<br>**ഫലം** - നീലം കർഷകർക്ക് അനുകൂലമായി നിയമം നിർമിക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. |
| അഹമ്മദാബാദിലെ തുണിമിൽ സമരം | ഗുജറാത്ത് | 1918 | നിയമ ലംഘനവും സഹനസമരവും | **കാരണം** - പ്ലേഗ് ബോണസ് നിർത്തലാക്കിയത്<br>**ഫലം** - തൊഴിലാളികളുടെ ശംമ്പളം വർദ്ധിപ്പിച്ചു. |
| ഖേഡയിലെ കർഷക സമരം | ഗുജറാത്ത് | 1918 | നികുതി നിഷേധവും സത്യാഗ്രഹവും | **കാരണം** - വരൾച്ചയും കൃഷിനാശവും മൂലം ദുരിതത്തിലായ കർഷകരിൽ നിന്നും നികുതി പിരിച്ചു.<br>ഫലം - സർക്കാർ നികുതിയിളവ് നൽകാൻ തീരുമാനം |

### ഗാന്ധിജിയുടെ ആദ്യകാല (പ്രാദേശിക) സമരങ്ങളുടെ ഫലങ്ങൾ

1. നിയമ ലംഘനം, സഹനസമരം, ഉപവാസം, സത്യാഗ്രഹം, നികുതി നിഷേധം എന്നീ സമര രീതികൾ
2. സമരരീതികൾ അദ്ദേഹത്തെ എല്ലാവർക്കും സ്വീകാര്യനായ നേതാവാക്കി തീർത്തു.
3. വിദ്യാസമ്പന്നരായ ആളുകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാരും ആകൃഷ്ടരായി.
4. പട്ടണങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനം ഗ്രാമങ്ങളിലേക്കും വ്യാപിച്ചു.
5. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗാന്ധിജിക്ക് കഴിയുമെന്ന വിശ്വാസം ജനിപ്പിച്ചു.

| **റൗലറ്റ് ആക്റ്റ് -1919** | **1919 Apr13 - ജാലിയൻ വാലാബാഗ് കൂട്ടക്കൊല** |
|---|---|
| ഭീകര പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ ബ്രിട്ടീഷ് ഗവൺമെന്റ് പാസാക്കിയ നിയമം പൗരാവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഏതൊരാളേയും അറസ്റ്റ് ചെയ്ത് വിചാരണകൂടാതെ തടവിൽ വെക്കാനുള്ള നിയമം | റൗലറ്റ് നിയമത്തിൽ പ്രതിഷേധിച്ച് ഗാന്ധിജി സത്യാഗ്രഹം അനുഷ്ഠിക്കാൻ ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പണിമുടക്കും പ്രധിഷേധവും നടന്നു. പഞ്ചാബിൽ സൈഫുദ്ധീൻ കിച്ച്ലു, ഡോ. സത്യപാൽ എന്നിവരെ അറസ്റ്റ് ചെ്തു. ഇതിനെതിരെ പ്രതിഷേധിക്കാൻ ജനങ്ങൾ ജാലിയൻ വാലാബാഗിൽ ഒത്തുകൂടി. ജനങ്ങൾക്ക് നേരെ ബ്രിട്ടീഷ് പട്ടാളം വെടിയുതിർക്കുകയും 379 പേർ മരിക്കുകയും ചെയ്തു. |
| 'പ്ലാസി യുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടു ജാലിയൻ വാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി' - **ഗാന്ധിജി** | |

## നിസ്സഹകരണ പ്രസ്ഥാനം

ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് നടത്തിയ ആദ്യ ദേശീയ പ്രക്ഷോപം

| | |
|---|---|
| കോടതി ബഹിഷ്കരണം | വക്കീലൻമാർ കോടതി നടപടികളിൽ നിന്ന് മാറിനിന്നു. |
| നികുതി നിഷേധം | അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു. |
| വിദേശ വസ്തു ബഹിഷ്കരണം | സ്ത്രീകൾ അടക്കമുള്ളവർ വിദേശ വസ്ത്രങ്ങൾ പൊതു നിരത്തിൽ കൂട്ടിയിട്ട് കത്തിച്ചു. |
| വിദ്യാലയ ബഹിഷ്കരണം | വിദ്യാർത്ഥികൾ ബ്രിട്ടീഷ് സ്കൂളുകളും കോളേജുകളും ബഹിഷ്കരിച്ചു |
| വന നിയമ ലംഘനം | വടക്കൻ ആന്ധ്രയിലെ ഗിരിവർഗക്കാർ വനത്തിൽ പ്രവേശിച്ച് വനവിഭവങ്ങൾ ശേഖരിച്ചു |
| തൊഴിലാളി സമരം | തൊഴിലാളികൾ പണിമുടക്കി, കർഷകർ ബ്രിട്ടീഷുകാരുടെ ചുമടെടുക്കാൻ വിസമ്മതിച്ചു. |

തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിച്ചു, ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകി

**ഫലങ്ങൾ**

1. ബഹിഷ്കരണത്തോടൊപ്പം നിർമാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി.
2. തദ്ദേശീയ ഉൽപന്നങ്ങൾ നിർമിക്കുകയും ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ ഉണ്ടാക്കുകയും ചെയ്തു.
3. അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടത്തി.
4. **ദേശീയ വിദ്യാലയങ്ങൾ*** സ്ഥാപിച്ചു, ഹിന്ദി പ്രചരിപ്പിച്ചു.
5. ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിച്ച് കുട്ടികൾ ഇന്ത്യൻ വിദ്യാലങ്ങളിൽ ചേർന്നു.

***ദേശീയ വിദ്യാലയങ്ങൾ** - കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ

### ഖിലാഫത്ത് പ്രസഥാനവും നിസ്സഹകരണ പ്രസ്ഥാനവും

| | |
|---|---|
| ഖിലാഫത്ത് നേതാക്കൾ | മൗലാന മുഹമ്മദലി, മൗലാന ഷൗക്കത്തലി |

ഖിലാഫത്ത് സമരവും നിസ്സഹകരണ സമരവും ഒന്നിച്ച് നിർത്താൻ ഗാന്ധിജി ശ്രമിച്ചത് എന്തിന്?

1. ദേശീയ പ്രസ്ഥാനത്തിൽ മുസ്ലിങ്ങളുടെ പങ്ക് ഉറപ്പാക്കുവാൻ.
2. ബ്രിട്ടീഷ് വിരുദ്ധ സമരം ഇന്ത്യയിലെല്ലായിടത്തും എത്തിക്കാൻ
3. ഹിന്ദു - മുസ്ലിം ഐക്യം ശക്തിപ്പെടുത്താൻ

| | |
|---|---|
| ചൗരി ചൗരാ സംഭവം | ഉത്തർപ്രദേശിലെ ചൗരിചൗര ഗ്രാമത്തിൽ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെട്ട ആ സംഭവം നിസ്സഹകരണ പ്രസ്ഥാനം നിർത്താൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. |

## സിവിൽ നിയമ ലംഘന സമരം

**1929 ലാഹോറിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിന്റെ പ്രാധാന തീരുമാനങ്ങൾ**

1. സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന ലക്ഷ്യം 'പൂർണ സ്വരാജ്' ആണെന്ന് പ്രഖ്യാപിച്ചു.
2. ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘന സമരം ആരംഭിക്കാൻ തീരുമാനിച്ചു.

Riyasmon B, AMHSS VENGOOR

| **സിവിൽ നിയമ ലംഘനത്തിന്റെ ഭാഗമായി സമരക്കാരുടെ ആവശ്യങ്ങൾ**:- | | |
|---|---|---|
| ഉപ്പ് നികുതി എടുത്തു കളയൽ | കൃഷിക്കാർക്ക 50% നികുതിയിളവ് നൽകൽ | രാഷ്ട്രീയ തടവുകാരെ വിട്ടയക്കൽ |
| സമ്പൂർണ മദ്യ നിരോധനം നടപ്പാക്കൽ | സൈനിക ചിലവ് കുറക്കൽ | ഉയർന്ന ശമ്പളം വെട്ടിക്കുറക്കൽ |
| തീരദേശകപ്പൽ ഗതാഗതം ആരംഭിക്കൽ | വിദേശ വസ്ത്രങ്ങൾക്ക് ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കൽ | |

ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതെന്ത് ?

1. ബ്രിട്ടീഷുകാരുടെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ട് ഭാഗവും ഉപ്പിന്മേലുള്ള നികുതിയിൽ നിന്നായിരുന്നു.
2. ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു, ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർദ്ധിച്ചു.
3. സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്.
4. ബ്രിട്ടീഷ് സർക്കാറിന്റെ ചൂഷണം വളരെ ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്താൻ സഹായകമായി

| | |
|---|---|
| **ക്വിറ്റ് ഇന്ത്യ സമരം- 1942**<br>എല്ലാ അധികാരവും കൈമാറി ഇന്ത്യവിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരമായിരുന്നു. | **കാരണമായ ഘടകങ്ങൾ**<br>1. ഭരണഘടന പരിഷ്കാരങ്ങൾ നടപ്പാക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചത്., 2. വിലക്കയറ്റവും ക്ഷാമവും<br>3. രണ്ടാം ലേകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ |
| **സമരക്കാർക്ക് ഗാന്ധിജിയുടെ നിർദേശങ്ങൾ**:-<br>1. നാട്ടുരാജാക്കൻമാർ ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം, 2. കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്, 3.സർക്കാർ ജീവനക്കാർ രാജിവെക്കാതെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കണം, 4. പട്ടാളക്കാർ സ്വന്തം ആളുകൾക്ക നേരെ വെടിവെക്കാൻ വിസമ്മതിക്കണം.<br>5. കിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം | **സമരത്തിന്റെ ഗതി**<br>ബ്രിട്ടീഷുകാർ സമരത്തെ ക്രൂരമായി നേരിട്ടു. ഗാന്ധിജിയടക്കമുള്ളവർ അറസ്റ്റ് ചെയ്യപ്പെട്ടു. ജനങ്ങൾ ഗവൺമെന്റ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈൻ, ഗതാഗത മാർഗങ്ങൾ എന്നിവ തകർത്തു.<br>1942 ഓടെ ഇന്ത്യയൊട്ടാകെ ബ്രിട്ടീഷ് വിരുദ്ധ സമരം ശക്തിപ്പെട്ടു. |

## കോൺഗ്രസിതര ദേശിയ പ്രസ്ഥാനങ്ങൾ

| | | |
|---|---|---|
| സ്വരാജ് പാർട്ടി(1932) | സി.ആർ ദാസ്,<br>മോത്തിലാൽ നെഹ്റു | നിയമനിർമാണ സഭകളെ ബഹിഷ്കരിക്കുകയല്ല മറിച്ച് പോരാട്ടത്തിനുള്ള വേദിയാക്കണമെന്ന് അഭിപ്രായപ്പെട്ടു. |
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ (റിപ്പബ്ലിക്കൻ ആർമി) | ഭഗത് സിംഗ്, സുഖ് ദേവ് രാജഗുരു,<br>ചന്ദ്രശേഖർ ആസാദ് | കോളനി ഭരണം അട്ടിമറിക്കുക,<br>ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുക അതിന് വേണ്ട് സായുധ വിപ്ലവം നടത്തുക.<br>സെന്റ്റൽ ലെജിസ്ലേറ്റീവിൽ ബോംബ് എറിഞ്ഞതിന് ഭഗത് സിംഗ്, സുഖ്ദേവ്, രാജഗുരു എന്നിവരെ തൂക്കിലേറ്റി |

**വിപ്ലവ പ്രസ്ഥാനങ്ങളും നേതാക്കന്മാരും**

| | |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | വിഡി സവർക്കർ |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരിദാസ് |
| ഗദർ പാർട്ടി | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |

**കോൺഗ്രസിനുള്ളിലെ സോഷ്യലിസ്റ്റ് വിഭാഗം**

| | |
|---|---|
| നെഹ്റു | സുഭാഷ് ചന്ദ്ര ബോസ് |
| ജയപ്രകാശ് നാരായണൻ | അരുണ ആസഫലി |

| **കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി** - 1934 ബോംബെ | |
|---|---|
| സ്ഥാപകൻ | ജയപ്രകാശ് നാരായണൻ |

**ഇന്ത്യൻ നാഷണൽ ആർമി- സുഭാഷ് ചന്ദ്ര ബോസ്**

ഗാന്ധിയൻ രീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു.
ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയപാർട്ടിക്ക് രൂപം നൽകി.
ഇന്ത്യൻ നാഷണൽ ആർമിയുടെ നിയന്ത്രണം ഏറ്റെടുത്തു.
സിംഗപ്പൂരിൽ സ്വതന്ത്ര്യ ഭാരതത്തിന് ഒരു ഗവൺമെന്റ് രൂപീകരിച്ചു.
INA യുടെ വനിത വിഭാഗം - ഝാൻസി റാണി റെജിമെന്റ്- ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു.
ഇംഫാലിൽ ദേശീയ പതാക ഉയർത്തി.

**തൊഴിലാളി പ്രസ്ഥാനങ്ങൾ -**

അഹമ്മദബാദ് ടെക്സ്റ്റൈൽസ് അസോസിയേഷൻ
മദ്രാസ് ലേബർ യൂണിൻ
അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്
- എൻ.എം ജോഷി, ലാലാ ലജ്പത് റായി

**ലക്ഷ്യങ്ങൾ -** തൊഴിലാളി വർഗമെന്നപേരിൽ സംഘടിക്കുക.
- സ്വാതന്ത്ര്യ സമരവുമായി ചേർന്ന് പ്രവർത്തിക്കുക
- വിദേശ തൊഴിലാളി വർഗവുമായി ചേർന്ന് പ്രവർത്തിക്കുക.

| **അഖിലേന്ത്യ കിസാൻ കോൺഗ്രസ് - എൻ.ജി രംഗ** | | |
|---|---|---|
| ബോംബെ കിസാൻ സഭ - കിസാൻ മാനിഫെസ്റ്റോ - ആവശ്യങ്ങൾ | | **കർഷകരുടെ പ്രശ്നങ്ങൾ**- |
| കാർഷിക കടങ്ങൾ മരവിപ്പിക്കുക | കർഷക യൂണിയനുകളെ അംഗീകരിക്കുക | ബ്രിട്ടീഷ് നികുതി നയം, സെമീന്ദാർമാരുടെ ചൂഷണം. |
| ഭൂനികുതിയും പാട്ടവും 50% കുറക്കുക. | മിനിമം വേതനം ഉറപ്പാക്കുക | കാർഷികോൽപന്ന വിലയിടിവ്. |
| കർഷക സമരങ്ങൾ - തേഭാഗ സമരം- ബംഗാൾ, തെലുങ്കാന സമരം- ആന്ധ്ര പ്രദേശ്, നാവിക കലാപം- ബോംബെ | | |

| | |
|---|---|
| **മൗണ്ട് ബാറ്റൺ പദ്ധതി:-**<br>1. മുസ്ലിംകൾക്ക് ആവശ്യമെങ്കിൽ ഒരു രാജ്യം അനുവധിക്കുക<br>2. പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്<br>3. വടക്ക് പടിഞ്ഞാറന് അതിർത്തി സംസ്ഥാനത്തിന്റെ കാര്യത്തിൽ ഹിതപരിശോധന<br>4. പഞ്ചാബ് ബംഗാൾ  അതിർത്തി നിർണയിക്കാൻ കമ്മീഷൻ | **ഇന്ത്യൻ സ്വാതന്ത്ര്യ നിയമം**<br>1947 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി<br>ഇന്ത്യ, പാക്കിസ്ഥാൻ എന്നീ രണ്ട് സ്വതന്ത്ര്യ രാജ്യങ്ങൾ നിലവിൽ വന്നു. സ്വതന്ത്ര്യ ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയായി ജവഹർ ലാൽ നെഹ്റു അധികാരമേറ്റു. |

Riyasmon B, AMHSS VENGOOR